"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി- 2026 ഓണത്തോടനുബന്ധിച്ച് ആലപ്പുഴ ഇറമുഖത്തിലെ 299 തൊഴിലാളികൾക്ക്/ആശ്രിതർക്ക് ധനസഹായവും സൗജന്യ റേഷനും അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

**റവന്യൂ(ഡി.ആർ.എഫ്-സി) വകുപ്പ്**

സ.ഉ.(സാധാ) നം.1664/2026/RD    തീയതി,തിരുവനന്തപുരം, 23-08-2026

പരാമർശം:- 1. കേരള മാരിടൈം ബോർഡ് സി.ഇ.ഒ യുടെ 17.08.2026-ലെ HOKMB-TVM/839/2025-B2 നമ്പർ കത്ത്.

**ഉത്തരവ്**

2026 ഓണത്തോടനുബന്ധിച്ച് ആലപ്പുഴ ഇറമുഖത്തിലെ 299 തൊഴിലാളികൾക്ക്/ആശ്രിതർക്ക് ധനസഹായവും,രണ്ടാഴ്ചത്തെ സൗജന്യ റേഷനും അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ട് കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം പ്രകാരം ഇറമുഖ വകുപ്പ് മുഖേന പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 ഓണത്തോടനുബന്ധിച്ച് ആലപ്പുഴ ഇറമുഖത്തിലെ 299 തൊഴിലാളികൾക്ക്/ആശ്രിതർക്ക് 5,250/- രൂപ (അയ്യായിരത്തി ഇരുന്നൂറ്റി അൻപത് രൂപ മാത്രം) വീതം ധനസഹായവും, രണ്ടാഴ്ചത്തെ സൗജന്യ റേഷനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3. ഇതിനാവശ്യമായ അരി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് ലഭ്യമാക്കുന്നതാണ്.

4. ആലപ്പുഴ ഇറമുഖത്തിലെ 299 തൊഴിലാളികൾക്ക്/ആശ്രിതർക്ക് 5,250/- രൂപ വീതം വിതരണം ചെയ്യുന്നതിന് വേണ്ടി വരുന്ന ചെലവിനത്തിൽ 15,69,750/- (പതിനഞ്ച് ലക്ഷത്തി അറുപത്തൊൻപതിനായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) രൂപയും രണ്ടാഴ്ചത്തെ സൗജന്യ റേഷൻ നൽകുന്നതിനാവശ്യമായ തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ്.

5. ധനസഹായം/സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിന് മുമ്പ് ഗുണഭോക്താക്കളെ/ആശ്രിതരെ സംബന്ധിച്ച എല്ലാ വിവരങ്ങളും ജില്ലാ കളക്ടർ വിശദമായി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും,വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ രണ്ടാഴ്ചക്കകം സർക്കാരിനെ അറിയിക്കേണ്ടതും, 299 തൊഴിലാളികളിൽ/ആശ്രിതരിൽ ആരെങ്കിലും അനുവദിച്ച തുക/സൗജന്യ റേഷൻ കൈപ്പറ്റാതെ വന്നാൽ ടി തുകകൾ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. കൂടാതെ,ഇതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ മാരിടൈം ബോർഡ് മുഖേന അന്വേഷിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
കമ്മീഷണർ, പൊതു വിതരണ ഉപഭോക്തൃ കാര്യാലയം, തിരുവനന്തപുരം. ഡയറക്ടർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, എറണാകുളം.
സി.ഇ.ഒ, കേരള മാരിടൈം ബോർഡ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
മത്സ്യബന്ധന തുറമുഖ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്

റവന്യൂ ഡി.ആർ.എഫ്.എ/ഡി.ആർ.ബി വകുപ്പുകൾ ,